..., Thiruvalla

# Annual Examination - 2019

Std. XI **Malayalam** Time: 3 hrs
Marks: 100

## Section A

താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒരു വിഷയം തെരഞ്ഞെടുത്ത് ഉപന്യാസം തയ്യാറാക്കുക [20]

i) വൃദ്ധസദനങ്ങളും കുടുംബസംസ്കാരവും

ii) പരിസ്ഥിതി സംരക്ഷണത്തിലൂന്നിക്കൊണ്ടുള്ള വികസന മാത്രമേ ശാശ്വതമായ ഫലം കാണുകയുള്ളൂ – വസ്തുതകൾ ഉദ്ധരിച്ച് സമർത്ഥിക്കുക ?

iii) പ്രളയാനന്തര കേരളത്തിന്റെ പുന:സൃഷ്ടിക്കായി വിദ്യാർത്ഥികൾക്ക് എന്തു ചെയ്യാൻ കഴിയും? നിങ്ങളുടെ കാഴ്ചപ്പാടു വ്യക്തമാക്കുക

iv) 'ഭിക്ഷാടനം' - കാരണങ്ങളും സമൂഹം നേരിടുന്ന വെല്ലുവിളികളും

v) "നമ്മുടെ മുൻഗാമികളെക്കാൾ നാമിന്ന് സംതൃപ്തരാണ്" ഈ വിഷയത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

vi) താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കി ഒന്നിനെ ആസ്പദമാക്കി ഒരു ചെറുകഥയെഴുതുക.

i) മഴ ii) പിൻവിളി

Question 2.

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർ വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

തനിക്കെല്ലാം അറിയും എന്നഭാവേന കുട്ടി മറ്റുള്ളവരോടു സംസാരിക്കാൻ തുടങ്ങുമ്പോൾ നിങ്ങൾക്കൊന്നുമറിയില്ല എന്നനുമാനിക്കാൻ അവർക്ക

പ്രയാസമുണ്ടാക്കില്ല. അത്തരത്തിലുള്ള ആളുകളെ കാണുന്നത് അപൂർവ്വമല്ല. തങ്ങൾക്ക് എല്ലാമറിയും, തങ്ങളുടെ തൊഴിലിനെപ്പറ്റി മാത്രമല്ല, രാഷ്ട്രീയത്തെയും കലയെയും സാഹിത്യത്തെയും ശാസ്ത്രത്തെയും കുറിച്ചെല്ലാം, എന്നവർ നടിക്കും. ഇത്തരക്കാരെ സഹിക്കുവാൻ പലരും മടിക്കും. മറ്റുള്ളവരുമായി സംഭാഷണം നടത്തുമ്പോൾ അവർ പറയുന്നത് കേൾക്കുവാനാണ് നിങ്ങൾ ശ്രമിക്കേണ്ടത്. നിങ്ങൾ പറയുന്നത് അവർ ഇഷ്ടപ്പെട്ടാലുമില്ലെങ്കിലും അങ്ങോട്ട് അടിച്ചേൽപ്പിക്കാനല്ല.

നിങ്ങളെ കാണുന്നതും നിങ്ങളോട് സംസാരിക്കുന്നതും അത്യധികം സന്തോഷമുണ്ടാക്കുന്ന അനുഭവമായി മറ്റുള്ളവർ കരുതത്തക്ക വിധത്തിലായിരിക്കണം നിങ്ങളുടെ പെരുമാറ്റം.

മറ്റുള്ളവർക്കു രസിക്കാത്തതായ ചില സ്വഭാവങ്ങൾ നിങ്ങളിൽ ഉണ്ടായെന്നു വരാം. അവ സൂക്ഷ്മമായി കണ്ടുപിടിക്കാൻ ശ്രമിക്കണം. അതുമാത്രമല്ല അവ അകറ്റുവാൻ നിരന്തരം പരിശ്രമം നടത്തുകയും വേണം. തന്റെ ചീത്തസ്വഭാവം താൻ അറിഞ്ഞെന്നു വരില്ല. അടുത്ത സുഹൃത്തുക്കളോ ഗുണകാംക്ഷികളോ അതിനെപ്പറ്റി നിങ്ങളോടു പറയുന്നെങ്കിൽ അവരോടു മുഷിയുകയല്ല വേണ്ടത്. അത് എത്രകണ്ടു ശരിയാണെന്ന് സ്വയം ഒന്നു പരിശോധിക്കുകയാണ്.

നിങ്ങൾക്കു വല്ലവരോടും വിരോധം തോന്നുന്നുണ്ടെങ്കിൽ അതു പുലർത്തി വരുന്നതിനു പകരം അതിനെപ്പറ്റി മറ്റേ വ്യക്തിയോട് ഭംഗിയായി ഒന്നു തുറന്നു സംസാരിക്കുവാൻ തുനിയുന്നത് നന്നായിരിക്കും. പല തെറ്റിദ്ധാരണകളും സൗഹൃദാന്തരീക്ഷത്തിൽ സംഭാഷണം നടത്തിത്തീർക്കാവുന്നതേയുള്ളൂ. അതിനുപകരം പലപ്പോഴും നാം ചെയ്യുന്നത് മനസ്സിൽ വച്ച് അവയെ വളർത്തിക്കൊണ്ടു വരികയാണ്. എന്തൊരു മൗഢ്യമാണിത്.

മറ്റുള്ളവരെ ഇഷ്ടപ്പെടുവാൻ ശ്രമിക്കണം. അവരെ ഇഷ്ടമാണെന്ന നിലയിൽ അവരോടു സംസാരിക്കണം. അങ്ങനെ പല പ്രാവശ്യം ചെയ്യുമ്പോൾ ഇഷ്ടം താനേ വന്നുകൊള്ളും.

സുഹൃത്തുക്കളെ സമ്പാദിക്കുന്നത് അങ്ങനെയാണ്. 'എനിക്ക് ഇഷ്ടമില്ലാത്ത ഒരാളെ ഞാൻ ഇതുവരെ - കണ്ടിട്ടില്ല.....'' എന്ന് ഒരാൾ പറഞ്ഞത് ഈ സന്ദർഭത്തി ഓർമ്മ വരികയാണ്. ആ പറഞ്ഞതിന്റെ അർത്ഥം ഇതാ വന്നയാളെ മുമ്പു പരിചയമുണ്ടായിരുന്നാലുമില്ലെങ്കിലു വളരെ സൗഹാർദ്ദത്തോടെ സ്വീകരിച്ച് അയാൾക്ക് താൽപര്യമുള്ള വിഷയങ്ങളെപ്പറ്റി സംസാരിക്കാൻ തുടങ്ങണമെന്നും അങ്ങനെ ചെയ്യുമ്പോൾ സ്വാഭാവിക അയാൾക്ക് നിങ്ങളിൽ ഇഷ്ടം തോന്നാതിരിക്കുകയില്ലെ തന്നെ. ഈ സമ്പ്രദായം ആവർത്തിക്കുന്നതുകൊണ്ടാ ഇരുവരും തമ്മിൽ കൂടുതൽ അടുപ്പമുണ്ടാകുന്നത്. ചിലപ്പോൾ ചെറിയ സഹായം ചെയ്തുകൊടുക്കുന്നത് വലിയ സുഹൃത് ബന്ധത്തിന് വഴിതെളിക്കും. ഇതു നമ്മു അനുഭവത്തിൽ നിന്നുതന്നെ അറിയാവുന്നതാണ്. പറയത്തക്ക കാരണമൊന്നുമില്ലാതെ തന്നെ ചിലരെ 'വെറുക്കുവാനുള്ള വാസന' പലരിലും കാണാം. തികച്ചു ഒഴിവാക്കേണ്ട ഒന്നാണിത്.

ചോദ്യങ്ങൾ :-

i) നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ച് അവ തിരുത്തുവാ നമ്മോടു സ്നേഹപൂർവ്വം ഉപദേശിക്കുന്ന സുഹൃത്തു ക്കളോടു എങ്ങനെയാണ് നാം പ്രതികരിക്കേണ്ടത്? [

ii) മറ്റുള്ളവരുമായി സുഹൃത്ബന്ധം സ്ഥാപിക്കുവാനും വളർത്തുവാനും നാം സ്വീകരിക്കേണ്ട രണ്ടു നടപടിക എടുത്തു കാണിക്കുക? [4

iii) സ്നേഹിതൻമാർ തമ്മിലുണ്ടാകുന്ന തെറ്റിദ്ധാരണകളു പിണക്കങ്ങളും പരിഹരിക്കുവാൻ അവർ സ്വീകരിക്കേ ഉത്തമമാർഗമെന്ത്? [

iv) മറ്റുള്ളവരുമായി സംഭാഷണം നടത്തുമ്പോൾ നാം സ്വീകരിക്കേണ്ടതും ഒഴിവാക്കേണ്ടതുമായി ലേഖക നിർദ്ദേശിക്കുന്ന മനോഭാവങ്ങൾ ഏവ? [4

v) 'തികച്ചും ഒഴിവാക്കേണ്ട ഒന്നാണിത്' എന്നു പറയുന്നതിലൂടെ ലേഖകൻ അർത്ഥമാക്കുന്നതെന്ത്? [4

Question 3

a) തിരുത്തിയെഴുതുക [4

i) പാഠം ശരിയായി പഠിക്കുകയും കലാപരിപാടികളിൽ പങ്കുകൊണ്ട് ജയിച്ചതുമായ വിദ്യാർത്ഥിയെ ഒറ്റക്കെട്ടായ് എല്ലാവരും അഭിനന്ദിച്ചു.

ii) ബന്ധുക്കളെ കാണുന്നതിനും കാര്യങ്ങൾ പറയാനും സൗകര്യമുണ്ട്.

iii) പതിവായി ക്ലാസ്സിൽ താമസിച്ചു ചെല്ലുന്ന കാരണംകൊ അവനെ അദ്ധ്യാപകൻ ശാസിച്ചു.

iv) എന്റെ ക്ലാസ്സിലെ ഓരോകുട്ടികളെക്കുറിച്ചും എനിക്കറി

b) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നെണ്ണ വാക്യത്തിൽ പ്രയോഗിക്കുക [

i) ഇരയിട്ടു മീൻപിടിക്കുക  ii) ഉമ്മാക്കികാട്ടുക

iii) കാലുപിടിക്കുക  iv) കുന്നിൻമേൽകുരു.

## Section B

മൂന്നു പുസ്തകത്തിൽനിന്നുമായി നാലു ചോദ്യങ്ങ ഉത്തരമെഴുതുക.

## 1. ഗദ്യകൈരളി

Question 4 :-

"ബഹുരൂപിയായ ശോശിയുടെ സാദ്ധ്യതകൾ ദിവസം വർദ്ധിച്ചുകൊണ്ടേയിരുന്നു."

ചോദ്യങ്ങൾ:-

i) ഗീവർഗ്ഗീസച്ചന്റെ ഇടവക എവിടെയായിരുന്നു? അവി വിശ്വാസികളായി ഉണ്ടായിരുന്നവരാരെല്ലാം? [2

ii) ലൂസി നിശ്ശബ്ദം അതുതന്നെ ചെയ്തു. അവൾക്കുണ്ടാ അനുഭവമെന്ത്? [4

iii) ജബ്ബാറിന്റെ വാക്കുകളെ ധിക്കരിച്ച ലൂസിയെ അയാൾ ശിക്ഷിച്ചതെങ്ങനെ? [2½

iv) മറ്റു ഗോളികളെക്കാൾ ഗീവർഗ്ഗീസച്ചനെ ആകർഷിക്കാൻ ഹിഗ്വിറ്റയ്ക്ക കഴിഞ്ഞതെന്തുകൊണ്ട്? [4]

Question 5

"അമ്മേ, വലിയവരെ നന്നാക്കാൻ പുസ്തകം ഒന്നൂല്യേ" - എന്ന് ചോദിച്ച മകക്കുട്ടിയുടെ നിഷ്കളങ്കതയും അമ്മയുടെ വികാര-വിചാരങ്ങളും 'കല്ലുവച്ച നുണകൾ' എന്ന കഥയിലൂടെ കഥാകാരി വരച്ചുകാട്ടുന്നതെങ്ങനെയെന്ന് പരിശോധിക്കുക? [12½]

Question 6

'ഗുരുകുലം' എന്ന കഥയിലൂടെ കഥാകൃത്ത് ആവിഷ്കരിക്കാൻ ശ്രമിക്കുന്നതെന്തെന്ന് പരിശോധിക്കുക? [12½]

## 2. അസുരവിത്ത്

Question 7

"അതു വലിയ ഒച്ചപ്പാടുണ്ടാക്കിയ ഒരുസംഭവമായിരുന്നു"

ചോദ്യങ്ങൾ:-

i) ഒച്ചപ്പാടുണ്ടാക്കിയ സംഭവമെന്ത്? [2½]

ii) ഇന്നും അതൊരത്ഭുതമാണോർക്കുമ്പോൾ. അത്ഭുതമെ [2½]

iii) 'ഒരുകൊമ്പു പിടിയ്ക്കുവാച്ചാൽ പുളിക്കൊമ്പു പിടിയ്ക്കണം'- അമ്മ ശാസ്ത്രം പറഞ്ഞിട്ടുണ്ടാവും. എപ്പോൾ? [3]

v) പാറുക്കുട്ട്യേടത്തിയുടെ ഇപ്പോഴത്തെ ജീവിതമെങ്ങ [4½]

Question 8

എം.ടിയുടെ ആഖ്യാനപാടവം അസുരവിത്തിൽ നിഴലിച്ചു കാണുന്നു — പരിശോധിക്കുക? [12½]

Question. 9

'കുഞ്ഞരയ്ക്കാർ' എന്ന കഥാപാത്രത്തിന്റെ സ്വഭാവ-സവിശേഷതകൾ പഠിച്ച ഭാഗത്തെ ആസ്പദമാക്കി വിവരിക്കുക? [12½]